# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി5 - 304/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 26/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി5 - 304/2022 തീയ്യതി: 26/03/2022

## പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2021 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിജയലക്ഷ്മി.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ:ഗ്രേ) | 03-03-2022 | 14-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2022 | 14-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ അനിൽകുമാർ, സി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2. ശ്രീമതി. ദീപ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി ലേഖാ ജനാർദ്ദനൻ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗീത വിജയൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സന്ദീപ് ജേക്കബ് | സെക്രട്ടറി | 01-04-2019 | 22-07-2019 |
| രാജേഷ്കുമാർ.പി | സെക്രട്ടറി | 22-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സന്ദീപ് ജേക്കബ് | സെക്രട്ടറി | 01-04-2019 | 22-07-2019 |
| രാജേഷ്കുമാർ.പി | സെക്രട്ടറി | 22-07-2019 | 31-03-2020 |
| ശ്രീമതി. ജാനറ്റ് ഡാനിയേൽ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സുരേന്ദ്രൻ നായർ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ. ദിവ്യ ആർ. ജയൻ | മെഡിക്കൽ ഓഫീസർ PHC | 01-04-2019 | 31-03-2020 |
| ഡോ.ജോർജ് വർഗ്ഗീസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. രാജി ഭായി | ICDSസൂപ്പർവൈസർ | 01-04-2019 | 30-11-2019 |
| ലക്ഷ്മി മോഹൻ | ICDSസൂപ്പർവൈസർ | 01-12-2019 | 31-03-2020 |
| ഡോ. ആനന്ദ് വി | മെഡിക്കൽ ഓഫീസർ(ആയുർവേദ) | 01-04-2019 | 31-03-2020 |
| ശ്രീമതി. ദീപ കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ഉഷ സി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീമതി. ആതിര അർജുൻ | LVEO | 01-04-2019 | 31-03-2020 |
| ശ്രീ.അനീഷ് ആർ | VEO | 01-04-2019 | 31-03-2020 |
| ശ്രീമതി. സുനിത ബീഗം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Deepa S (Asst. Audit Officer, On 11-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 24-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Deepa S (Asst. Audit Officer, On 11-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Deepa S (Asst. Audit Officer, On 11-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 11-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Deepa S (Asst. Audit Officer, On 11-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Deepa S (Asst. Audit Officer, On 11-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Deepa S (Asst. Audit Officer, On 11-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന<br>Written By: Deepa S (Asst. Audit Officer, On 07-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Deepa S (Asst. Audit Officer, On 11-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 11-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 1-10 |
| 11 | വസ്തുനികുതി ഈടാക്കാൻ ശേഷിക്കുന്നത് 7.9ലക്ഷം രൂപ<br>Written By: Lekha Janardhanan (Senior Grade Auditor, On 07-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-11 |
| 12 | സേവന ഉപനികുതി ഈടാക്കുന്നില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 07-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 1-12 |
| 13 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 07-03-2022)<br>Last Updated By: C. Anilkumar (Audit Officer, On 23-03-2022) | 1-13 |
| 14 | ഫാക്ടറി, വ്യാപാര ലൈസൻസ് - ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 05-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-14 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-15 |
| 16 | മൊബൈൽടവർ - അനുബന്ധ ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 05-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-15-1 |

| | | |
|---|---|---|
| 17 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 05-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-16 |
| 18 | അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 04-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-17 |
| 19 | സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വയ്ക്കുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: C. Anilkumar (Audit Officer, On 13-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-18 |
| 20 | പദ്ധതി നടപ്പാക്കാതിരുന്നതുമൂലം ഫണ്ട് ലാപ്സാക്കി<br>Written By: Lekha Janardhanan (Senior Grade Auditor, On 09-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-19 |
| 21 | കന്നുകുട്ടി പരിപാലനം - നിക്ഷേപിച്ച തുക പൂർണ്ണമായും ചെലവഴിച്ചില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 11-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-20 |
| 22 | വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Deepa S (Asst. Audit Officer, On 13-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-21 |
| 23 | വിവിധോദ്ദേശ്യ ഗ്രാന്റുകൾക്ക് ലഭിച്ച തുക ലാപ്സാക്കി<br>Written By: Deepa S (Asst. Audit Officer, On 13-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-22 |
| 24 | ഗുണഭോക്തൃവിഹിതം തനതുഫണ്ടിൽ അവശേഷിക്കുന്നു<br>Written By: Deepa S (Asst. Audit Officer, On 23-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-23 |
| 25 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് സംരക്ഷണ നടപടികൾ ഇല്ല<br>Written By: Deepa S (Asst. Audit Officer, On 13-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-24 |
| 26 | പൊതുടാപ്പുകളുടെ വെള്ളക്കരം -സംയുക്തപരിശോധന അനിവാര്യം<br>Written By: Deepa S (Asst. Audit Officer, On 13-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-25 |
| 27 | പൊളിച്ച് മാറ്റിയ റബിൾ പുന:നിർമ്മാണത്തിന് ഉപയോഗിക്കാതിരുന്നതുമൂലം അധികച്ചെലവ്<br>Written By: C. Anilkumar (Audit Officer, On 13-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-26 |
| 28 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയില്ല<br>Written By: C. Anilkumar (Audit Officer, On 13-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-27 |
| 29 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 1.30കോടി രൂപ വിനിയോഗിച്ചില്ല<br>Written By: C. Anilkumar (Audit Officer, On 13-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-28 |
| 30 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താവിന്റെ മരണശേഷവും അനുവദിച്ചു<br>Written By: Deepa S (Asst. Audit Officer, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-29 |
| 31 | അറവുശാല നിർമ്മാണം -പദ്ധതിപ്പണം പാഴായി<br>Written By: Lekha Janardhanan (Senior Grade Auditor, On 14-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-30 |
| 32 | എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണം - അപാകതകൾ<br>Written By: C. Anilkumar (Audit Officer, On 14-03-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Johncy John (Computer Assistant, On 26-03-2022) | |
| 33 | പഞ്ചായത്ത് ഓഫീസ് നവീകരണം - അപാകത<br>Written By: C. Anilkumar (Audit Officer, On 14-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-32 |
| 34 | നിഷ്ക്രിയ ആസ്തികൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 14-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-33 |
| 35 | സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകുന്നില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 04-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പൊളിച്ച് മാറ്റിയ റബിൾ പുന:നിർമ്മാണത്തിന് ഉപയോഗിക്കാത്തതിനുമൂലം അധികച്ചെലവ്<br>Written By: C. Anilkumar (Audit Officer, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lekha Janardhanan (Senior Grade Auditor, On 04-03-2022)<br>Last Updated By: C. Anilkumar (Audit Officer, On 23-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 04-03-2022)<br>Last Updated By: C. Anilkumar (Audit Officer, On 23-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് തുകയുടെ വിവരങ്ങൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 09-03-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Lekha Janardhanan (Senior Grade Auditor, On 09-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 09-03-2022)<br>Last Updated By: Johncy John (Computer Assistant, On 14-03-2022) | 4-5 |
| 6 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 11-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 4-6 |
| 7 | ചാർജ്/ സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Lekha Janardhanan (Senior Grade Auditor, On 11-03-2022)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 11-03-2022) | 4-7 |
| 8 | ഓഡിറ്റ് റിക്കവറിയുടെ വിവരങ്ങൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 11-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lekha Janardhanan (Senior Grade Auditor, On 11-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 04-03-2022)<br>Last Updated By: Joe M James (Computer Assistant, On 23-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

04.02.2019 ൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 14.02.2019 ലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം ജനറൽ കമ്മിറ്റി അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റ് 25.02.2020 ലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

2019-2020 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ B4-320800101 ഉണഭോക്തൃ വഹിതം 16020/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

2. ഷെഡ്യൂൾ B15 വസ്തുനികുതിയിനത്തിൽ തൻവർഷത്തേതും മുൻവർഷങ്ങളിലേയും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

3 ഷെഡ്യൂൾ B15- ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറികളിൽ നിന്നും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വാടകയിനത്തിലുള്ള തുക വാടക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4. ഷെഡ്യൂൾ B16 Prepaid Expenses – തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. RP43- 1) വസ്തുനികുതിയിനത്തിൽ പിരിച്ചെടുത്ത തുക (തൻവർഷം, കുടിശ്ശിക) സഞ്ചയ സോഫ്റ്റ് വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല .

2) വാടക (തൻവർഷം) ഇനത്തിലുള്ള കളക്ഷൻ തുക വാടക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8595197 |
| വരവ് | 45687995 |
| ആകെ | 54283192 |
| ചെലവ് | 44465748 |
| നീക്കിയരിപ്പ് | 9817444 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി | |
|---|---|---|---|---|---|---|
| | | | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 10861000 | 10861000 | 7573193 | 784918 | 2502889 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7365000 | 7365000 | 4430083 | 1135081 | 1799836 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 101000 | 101000 | 101000 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 6600627 | 6600627 | 4306329 | 2294298 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 8013000 | 8013000 | 3572799 | 4034855 | 405346 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3251000 | 3251000 | 2862704 | 221184 | 167112 |

കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് – | 3029.25 | 16212429.75 | 16215459 | 16215459 | 0 |
| ഐ.സി.ഡി.എസ്. | 506114 | 442740 | 948854 | 348630 | 600224 |

സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈബ്രറി ഗ്രാന്റ് | 5649 | 194 | 5843 | 0 | 5843 |

ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

ലൈഫ് മിഷൻ ലോൺ തിരിച്ചടവിനായി 2019-2020 ൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത വികസനഫണ്ട്(ജനറൽ) - 191176 രൂപ, വികസനഫണ്ട്(എസ്.സി.പി) 58824 രൂപ എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|---|---|
| 215 | 63514039 | 162 | 28973925 | 53 | 45.6 |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 75% പ്രോജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കാൻ ലക്ഷ്യമിട്ട തുകയുടെ 45.6% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3029.25 | 552164.75 | 555194 | 555194 | 0 |
| എം.ജി.എൻ.ആർഇ..ജി.എസ് - തൊഴിലാളികളുടെ വേതനം | 0 | 15660265 | 15660265 | 15660265 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1. | കർഷകത്തൊഴിലാളി പെൻഷൻ | 145 | 1270800 |
| 2. | വാർദ്ധക്യകാല പെൻഷൻ | 1322 | 10964700 |
| 3. | വിധവാ പെൻഷൻ | 506 | 3826200 |
| 4. | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 204 | 1544900 |
| 5. | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 18 | 140400 |
| 6. | തൊഴിൽ രഹിത വേതനം | 23 | 31920 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2022, 11.55 AM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16442 (പതിനാറായിരത്തി നാനൂറ്റിനാൽപ്പത്തിയാറ്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിനുള്ള ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

രേഖകളുടെ സൂക്ഷിപ്പ്: ഫയലുകളും, രേഖകളും, രജിസ്റ്ററുകളും, ബന്ധപ്പെട്ട വൗച്ചറുകളും യഥാവിധി സൂക്ഷിക്കുന്നുണ്ട്. ഇൻകംബൻസി മാസ്റ്റർ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷാവസാനം മാന്വൽ രസീത് ബുക്കിലെ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല. ആയതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2017-18 വരെയുള്ള വിവരങ്ങൾ മാത്രമേ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തോട്, റോഡ്, കനാൽ മറ്റ് പുറമ്പോക്ക പ്രദേശങ്ങൾ എന്നിവ അളന്ന തിട്ടപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

കരാർ ചമയ്ക്കൽ: അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിൽ കരാർ കാലാവധി സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. ആയതിന് വേണ്ട നിർദ്ദേശം ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.13 മുതൽ 05.09.2013 വരെ X | 2008-09 മുതൽ 2012-13 വരെ | 01.10.2013 |
| പെർഫോർമൻസ് ഓഡിറ്റ് | 21.07.2021 To 26.07.2021 | 01/04/2020 മുതൽ- 31/03/2021 വരെ | 11.08.2021 |

## 1-11 വസ്തുനികുതി ഈടാക്കാൻ ശേഷിക്കുന്നത് 7.9ലക്ഷം രൂപ

ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമായ വസ്തുനികുതി ഇനത്തിൽ 2019-20 വർഷം 794264 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | 31.03.2020-ൽ ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതി (വാസഗൃഹം, വാണിജ്യം, വാണിജ്യേതരം ഉൾപ്പെടെ (തൻവർഷം) | 185101 |
| 2 | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതി (വാസഗൃഹം, വാണിജ്യം, വാണിജ്യേതരം ഉൾപ്പെടെ (കുടിശ്ശിക) | 609163 |
| | ആകെ | 794264 |

ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 സേവന ഉപനികുതി ഈടാക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും നിയമത്തിലെ 207(1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ

നിന്നും ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഉപനികുതി ചുമത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തുനികുതിയുടെ 10% ത്തിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് പ്രസ്തുത ചട്ടത്തിലെ 27-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 4097290 രൂപ വസ്തുനികുതിയായി ഗ്രാമപ്പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ സേവനനികുതി ഈടാക്കിയാൽപ്പോലും ഈ ഇനത്തിൽ 4.09 ലക്ഷം രൂപ വരുമാനം ലഭിക്കുമായിരുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഫലമായി ഗ്രാമപ്പഞ്ചായത്തുകളുടെ ചുമതലകളും കർത്തവ്യങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും, ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്. സർക്കാർ നിർദ്ദേശങ്ങളും ചട്ടങ്ങളും അനുസരിച്ച് സേവന ഉപനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോടും പഞ്ചായത്ത് ഭരണസമിതിയോടും ശുപാർശ ചെയ്യുന്നു.

## 1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

I. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് വിവരം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|---|
| 1 | സൌത്ത് ഇന്ഡ്യൻ ബാങ്ക്, ഓമല്ലൂർ | 1250 | ഈടാക്കിയിട്ടുണ്ട് |
| 2 | പോപ്പുലാർ ഫൈനാൻസിയേഴ്സ്, ഓമല്ലൂർ | 1250 | 1250 |
| 3 | മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ്, ഓമല്ലൂർ | 1250 | 1250 |
| 4 | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്, ഓമല്ലൂർ | 1250 | 1250 |
| 5 | ഐമാലി ക്ഷീരോൽപ്പാദക സഹകരണ സംഘം | 1250 | 1250 |
| 6 | കേരള ഗ്രാമീൺ ബാങ്ക്, ഓമല്ലൂർ | 1250 | 1250 |
| 7 | ഓമല്ലൂർ സർവീസ് സഹകരണ ബാങ്ക് | 1250 | 1250 |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ്, ഓമല്ലൂർ | ഈടാക്കിയിട്ടുണ്ട് | 1250 |
| 9 | കെ എസ് എഫ് ഇ, ഓമല്ലൂർ | 1250 | 1250 |
| 10 | സപ്ളൈ കോ സൂപ്പർ മാർക്കറ്റ്, ഓമല്ലൂർ | 1250 | 1250 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

II. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. തിരുവിതാംകൂർ ദേവസ്വം ബോർഡ്

2. സെന്റ് മേരീസ് ഇ എം എൽ പി സ്കൂൾ

3. വിളവിനാൽ എൻജിനീയറിംഗ് വർക്ക്സ്.

ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

III. പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്ന താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ബിജു ദാനിയേൽ, അരിക്കാച്ചേരിയിൽ, മുള്ളനിക്കാട് പി ഒ, ഓമല്ലൂർ.

2. ജി കൃഷ്ണൻ നായർ, മുഞ്ഞനേത്ത്, ഓമല്ലൂർ ഓമല്ലൂർ

3. ബിൻസു ദാനിയേൽ, പാറംപേത്ത്, പന്ന്യാലി പി ഓ, ഓമല്ലൂർ

4. പ്രസാദ് കെ വി, കുന്നംതടത്തിൽ, ഓമല്ലൂർ

5. ബിജു ദാനിയേൽ, അരിക്കാത്തറയിൽ, മുള്ളനിക്കാട് പി ഓ, ഓമല്ലൂർ

6. പ്രസന്നകുമാരൻ നായർ, പുത്തൻ പുരയിൽ, ഓമല്ലൂർ

7. തുളസി ദാസ് കെ, കാർത്തിക, മഞ്ഞണിക്കര.

8. രതീഷ് കെ, കുന്നത്തേത്ത്, ആറ്റരികം, ഓമല്ലൂർ

9.ജിജു വർഗീസ്, ചെമ്പലാത്ത്, ഓമല്ലൂർ

10. പരമേശ്വരൻ നായർ, പുത്തൻപുരയിൽ, ഓമല്ലൂർ

11.ഹാൻലി ജോൺ വി ജി, മൂലമുറിയിൽ, മുള്ളനിക്കാട്, ഓമല്ലൂർ

മേൽ സൂചിപ്പിച്ച കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഫാക്ടറി, വ്യാപാര ലൈസൻസ് - ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തകർക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ (ചട്ടം 13) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232,233,234,254 എന്നീ വകുപ്പുകളും അവക്കുള്ള ഭേദഗതികളും തൽസംബന്ധമായ ചട്ടങ്ങളും ബൈലോകളും അനുസരിച്ച് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. എന്നാൽ 2019-20 വർഷം ലൈസൻസ് എടുത്തിട്ടുള്ള 312 സ്ഥാപനങ്ങളിൽ ഒന്നും തന്നെ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കിയിയിട്ടില്ല. യഥാസമയം ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതായാണ് കണക്കാക്കേണ്ടത്. വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ചട്ടപ്രകാരം യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. ആയത് അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 03, തീയതി 04-03-22) ലഭിച്ച മറുപടി പ്രകാരം താഴെപ്പറയുന്ന തുക ഈടാക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നം | മൊബൈൽ ടവറുകളുടെ പേരും അഡ്രസും | വാർഡ് നം / കെട്ടിട നം | തറ വിസ്തീർണ്ണം(M2) | ഈടാക്കേണ്ട നികുതി | ഈടാക്കാൻഅവശേഷിക്കുന്ന നികുതി |
|---|---|---|---|---|---|
| 1 | മാനേജർ, ബി.എസ്.എൻ.എൽ | 3/225A | 256 | 102400 | 591360 |
| 2 | മാനേജർ, റിലയൻസ് ഇൻഫ്രാടെൽ | 3/406A | 30.25 | 18150 | 42605 |
| 3 | മാനേജർ, ബി.എസ്.എൻ.എൽ | 4/356A | 6.76 | 3042 | 43100 |
| 4 | മാനേജർ, ബി.എസ്.എൻ.എൽ | 8/22B | 6.76 | 3380 | 37011 |
| 5 | മാനേജർ, ബി.എസ്.എൻ.എൽ | 11/291A | 6.76 | 2704 | 38925 |
| 6 | മാനേജർ, റിലയൻസ് ഇൻഫ്രാടെൽ | 13/194 | 18 | 10800 | 11340 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒടുക്ക വരുത്താത്തതിനാൽ ഉടമസ്ഥർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15-1 മൊബൈൽടവർ - അനുബന്ധ ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളോട് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർ ഫീസ് കണക്കാക്കി, മൊബൈൽ ടവർ ഉടമകളിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-16 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ

പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 14 റേഷൻ ഷോപ്പുകളിൽ നാലെണ്ണം മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. അവശേഷിക്കുന്ന റേഷൻ കടങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമല്ല

പഞ്ചായത്ത് പരിധിയിൽ 18 അംഗൻവാടികൾ ഉണ്ട്. ഇതിൽ ഒരെണ്ണത്തിന് ചുറ്റുമതിലില്ല. 7അംഗൻവാടികൾക്ക് ബേബി ഫ്രണ്ട്ലി ടോയിലറ്റ് ഇല്ല. വാർഡ് 3 ലെ സെന്റർ നം 54 അംഗൻവാടിയുടെ ടോയിലറ്റ് പുറത്ത് ആയതിനാൽ കുട്ടികൾക്ക് ടോയിലറ്റിൽ പോകുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ടോയിലറ്റ് അംഗനവാടിയുമായി അറ്റാച്ച്ഡ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡ് 3 ലെ സെന്റർ നം 55 അംഗൻവാടിയുടെ കിണർ തറനിരപ്പിൽ ആണ്. ആയത് കുട്ടികൾക്ക് അപകടകരമായതിനാൽ കിണറിന് ചുറ്റുമതിൽ കെട്ടേണ്ടതാണ്. 50,51,52,59,65 എന്നീ സെന്റർ അംഗൻവാടികളിലെ കിണർ എക്കൽ അടിയുന്നതിനാൽ എല്ലാ വർഷവും വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 18 അംഗൻവാടികളിലും വെയിംഗ് സ്കെയിൽ ഇല്ല. 53,54,55,56,57,58,61,62,63,110,118 എന്നീ സെന്റർ അംഗൻവാടികളിൽ വേനൽക്കാലത്ത് കുടിവെള്ള ലഭ്യതയില്ല. ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വയ്ക്കുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത സമയപരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ്/കൈപ്പറ്റിയ തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|
| 1 | ഇടയിൽപ്പടി മേലേതിൽപ്പടി റോഡ് കോൺക്രീറ്റ് (33/20)<br>കരാറുകാരൻ : ബിജു ഡാനിയേൽ<br>PAC തുക : 103345/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050252016901009069/30-12-19<br>12817/-<br>19050252016901009077/30-12-19<br>90528 | 05-09-19 | 04-11-19 | 1033 |
| 2 | ഗാന്ധിനഗർ റോഡ് കോൺക്രീറ്റിംഗ് (39/20)<br>കരാറുകാരൻ : .ബിജു ഡാനിയേൽ<br>PAC തുക : 194937/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050252016901009060/30-12-19 | 05-09-19 | 04-11-19 | 1949 |

| | | | | |
|---|---|---|---|---|
| | 194937/- | | | |
| 3 | പെരുനെല്ലിൽ പടി കുഴിമുറിയിൽ പടി റോഡ് കോൺക്രീറ്റിംഗ് (35/20)<br>കരാറുകാരൻ : .ബിജു ഡാനിയേൽ<br>PAC തുക : 365153/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>190502520169010096/30-12-19<br>34528/-<br>190502520169010096/30-12-19<br>330669/- | 05-09-19 | 04-11-19 | 3652 |
| | ആകെ | | | 6634 |

പിഴ ചുമത്താതെ ടി കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/09-03-2022) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-19 പദ്ധതി നടപ്പാക്കാതിരുന്നതുമൂലം ഫണ്ട് ലാപ്സാക്കി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ സ്വയം തൊഴിൽ (വ്യക്തിഗതം), സ്വയം തൊഴിൽ (ഗ്രൂപ്പ് സംരംഭം), സ്വയം തൊഴിൽ (ഗ്രൂപ്പ് സംരംഭം, വനിത) എന്നിങ്ങനെ മൂന്ന പദ്ധതികൾക്കായി യഥാക്രമം 130000, 400000, 400000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ടി പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധിച്ചില്ല. ആവശ്യത്തിനുള്ള ഗുണഭോക്താക്കളെ തിരെഞ്ഞെടുക്കാതെ പദ്ധതി ആവിഷ്കരിച്ചതിനാലാണ് പദ്ധതിപ്പണം പാഴാകുന്ന സാഹചര്യം ഉണ്ടായിട്ടുള്ളത്. ഇത് ക്രമവിരുദ്ധമാണ്. പദ്ധതി പ്രയോജനപ്പെടുത്തുന്നതിനുള്ള ഗുണഭോക്താക്കൾ ഉണ്ടെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 കന്നുകുട്ടി പരിപാലനം - നിക്ഷേപിച്ച തുക പൂർണ്ണമായും ചെലവഴിച്ചില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായായി 2019-20 വർഷം (പ്രോജക്റ്റ് നമ്പർ 229/20) 673500 രൂപ അടങ്കലായി (വികസന ഫണ്ട് 336000, മറ്റുള്ളവ 337500) കന്നുകുട്ടി പരിപാലന പദ്ധതി ആസൂത്രണം ചെയ്തിരുന്നു. വികസന ഫണ്ടിൽ നിന്നും 312500രൂപ (ഡി ഡി നം 0634, 01-04-20, 62500, ഡി ഡി നം 1188, 01-03-20, 250000) ഒരു ഗുണഭോക്താവിന് 12500 രൂപ നിരക്കിൽ 25 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ഐ.സി.ഡി.പി, പ്രൊജക്റ്റ് ഓഫീസർ, പത്തനംതിട്ടയുടെ പേരിലുള്ള ട്രഷറി അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിലെ വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ വഴി പദ്ധതി ആരംഭിച്ചുവെങ്കിലും ചില കർഷകർ കാലിത്തീറ്റ വാങ്ങുന്നത് ഇടയ്ക്ക് വച്ച് നിർത്തിയത് മൂലം ഈ ഗുണഭോക്താക്കൾക്കായി ഗ്രാമപ്പഞ്ചായത്ത് ഐ.സി.ഡി.പി പ്രൊജക്റ്റ് ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന സബ്സിഡി തുകയിൽ 263691 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. ബാക്കി 48809 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. ഐ.സി.ഡി.പി, പ്രൊജക്റ്റ് ഓഫീസറുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതും തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി എസ്.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി എന്ന പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്റ്റിന്റെ ഭാഗമായി ആറു കുട്ടികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ഒരു ലക്ഷം രൂപ വീതം ആകെ ആറുലക്ഷം രൂപ വികസനഫണ്ടിൽനിന്ന് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ അഞ്ചുപേർ നിർമ്മാണം പൂർത്തിയാക്കി മുഴവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.08.2019 ലെ 1(1) നമ്പർ തീരുമാനം പ്രകാരം തിരഞ്ഞെടുത്ത 2018-19 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ദേവിക എസ്., കൊച്ചുമുറിയിൽ, മണ്ണാറമല എന്ന ഗുണഭോക്താവ് നാളിതുവരെ പഠനമുറി പൂർത്തിയാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/2019-20/09.03.2022) ഗുണഭോക്താവിന് നിരന്തരം അറിയിപ്പ്

നൽകിയെങ്കിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. 14.02.2018 ലെ സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ ഉത്തരവു പ്രകാരം പഠനമുറി നിർമ്മാണത്തിന് 50000 രൂപ വരെ മുൻകൂറായി അനുവദിക്കാവുന്നതും അതിനുശേഷം അസിസ്റ്റന്റ് എൻജിനിയർ നൽകുന്ന വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബാക്കി തുക അനുവദിക്കാവുന്നതുമാണ്. എന്നാൽ ഇതിനു വിരുദ്ധമായി വാല്യുവേഷൻ ഹാജരാക്കാതെ തുക നൽകിയത് ക്രമപ്രകാരമല്ല. ടിയാളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 വിവിധോദ്ദേശ്യ ഗ്രാന്റുകൾക്ക് ലഭിച്ച തുക ലാപ്സാക്കി

ഗ്രാമപഞ്ചായത്തിന് 2019-2020 സാമ്പത്തിക വർഷം പദ്ധതി നിർവഹണത്തിനായി സർക്കാർ അനുവദിച്ച തുകയിൽ 4875183 രൂപ ചെലവഴിക്കാതെ ലാപ്സാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | നീക്കി ബാക്കി | |
|---|---|---|---|---|
| | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 10861000 | 7573193 | 784918 | 2502889 |
| വികസനഫണ്ട് (എസ്.സി.പി) | 7365000 | 4430083 | 1135081 | 1799836 |
| വികസനഫണ്ട് (ടി.എസ്.പി) | 101000 | 101000 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 6600627 | 4306329 | 2294298 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 8013000 | 3572799 | 4034855 | 405346 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 3251000 | 2862704 | 221184 | 167112 |
| ആകെ | 36191127 | | | 4875183 |

ആസൂത്രണം ചെയ്ത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നതു മൂലമാണ് ഇത്തരത്തിൽ ഗ്രാന്റ് തുക ചെലവഴിക്കാൻ സാധിക്കാതെ വന്നത്. സർക്കാർ തലത്തിൽ നിന്ന് നാടിന്റെ വികസനക്ഷേമപ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ലാപ്സാക്കുന്നത് നാടിന്റെ പുരോഗതിയേയും തദ്വാരാ ജനങ്ങളുടെ സുസ്ഥിരതയേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിവിധോദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ഗുണഭോക്തൃവിഹിതം തനതുഫണ്ടിൽ അവശേഷിക്കുന്നു

പ്രോജക്ടുകളുടെ ഭാഗമായി ഒടുക്കിയിട്ടുള്ള ഗുണഭോക്തൃവിഹിതം 16020 രൂപ തനതുഫണ്ടിൽ ഇപ്പോഴും അവശേഷിക്കുന്നു. പദ്ധതി നിർവ്വഹണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ തിരികെ ആവശ്യപ്പെടാത്തതിനാൽ മുൻവർഷങ്ങളിൽ ലഭിച്ച 16020 രൂപ ഗ്രാമപ്പഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുകയാണ്. ടി തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് സംരക്ഷണ നടപടികൾ ഇല്ല

തദ്ദേശഭരണവകുപ്പിന്റെ 24.10.2018 ലെ RC4227/2018/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള നദികൾ,തോടുകൾ കനാലുകൾഎന്നിവയുടെ അതിർത്തി റീസർവ്വേനടത്തികല്ലിട്ട് സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതിനെ തുടർ ന്ന് ഗ്രാമപഞ്ചായത്തിന്റ് ഉടമസ്ഥതയിലുള്ള പുറമ്പോക്ക് സ്ഥലങ്ങൾ വേലികെട്ടി സംരക്ഷിക്കുന്നതിനും ബോർഡുകൾ സ്ഥാപിക്കുന്നതിനും 2019-2020 സാമ്പത്തിക വർഷം തനതുഫണ്ടിൽ നിന്ന് 200000/- രൂപ വകയിരുത്തി പ്രോജക്ട് ((146/2020) ആവിഷ്കരിച്ചിരുന്നു. എന്നാൽ തൻവർഷം പദ്ധതി നടപ്പാക്കാതിരുന്നതിന് കാരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(14/2019-2020 Dtd 09.03.2022) പുറമ്പോക്ക് സ്ഥലങ്ങളുടെ വിവരങ്ങൾ ലഭിക്കുന്നതിന് 13.05.2019 ൽ വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിരുന്നെങ്കിലും വിവരങ്ങൾ ലഭിക്കാതിരുന്നതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. 2021 ഡിസംബർ മുതൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ സർവ്വേ നടത്തുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നതാണ് എന്നും സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശഭരണസ്ഥാപനത്തിനാണ്. ആയതിനാൽ പ്രസ്തുത വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 പൊതുടാപ്പുകളുടെ വെള്ളക്കരം -സംയുക്തപരിശോധന അനിവാര്യം

2019-20 സാമ്പത്തികവർഷം പ്രോജക്റ്റ് നമ്പർ 4/2020 ലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം നൽകുന്നതിനായി മെയിന്റനൻസ് ഫണ്ട് – നോൺറോഡിൽ നിന്നും 756000 രൂപയും തനതുഫണ്ടിൽ നിന്ന് 378000/- രൂപയും ഉൾപ്പെടെ ആകെ 1134000/- രൂപചെലവഴിച്ചിട്ടുണ്ട്. 216 ടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ 94500 രൂപയാണ് ഗ്രാമ പഞ്ചായത്ത് മാസം തോറും അടയ്ക്കുന്നത്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല. 26.02.2020 ന് Sc1-1807/2019-ാം നമ്പരായി സംയുക്തപരിശോധന നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികൾ ഉണ്ടായിട്ടില്ല. ഓരോ വാർഡിലും പ്രവർത്തിക്കുന്നതും ആവശ്യമുള്ളതുമായ ടാപ്പുകളുടെ വിവരം അതാത് ജനപ്രതിനിധികൾ മുഖേന സർവ്വേ നടത്താവുന്നതാണ്. പ്രസ്തുത സർവ്വേ റിപ്പേർട്ട് പ്രകാരമുള്ള ടാപ്പുകൾ നിലനിർത്തുന്നതിനും ബാക്കിയുള്ളവ ഡിസ് കണക്റ്റ് ചെയ്യുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-26 പൊളിച്ച് മാറ്റിയ റബിൾ പുന:നിർമ്മാണത്തിന് ഉപയോഗിക്കാതിരുന്നതുമൂലം അധികച്ചെലവ്

നിലവിലുണ്ടായിരുന്ന കലുങ്കിന്റെ പൊളിച്ച മാറ്റിയ റബിൾ പുനർനിർമ്മാണത്തിന് ഉപയോഗിച്ചിട്ടില്ലാത്തതു മൂലം കരാറുകാരന് 26082 രൂപ അധികം നൽകി. (വിശദാംശങ്ങൾക്ക് 3-1 കാണുക).

## 1-27 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയില്ല

കേരള കെട്ടിട നിർമ്മാണ തോഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്ല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തോഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99 % തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓമല്ലൂർ ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തുക ഒടുക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/09-03-22) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ക്ഷേമ നിധി വിഹിതത്തിൽ നിന്നും ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് ഒടുക്കുന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും 2021-22 മുതൽ കളക്ഷൻ ചാർജ് ഈടാക്കി വരുന്നുവെന്നും അസി.എഞ്ചിനിയർ ഓഡിറ്റ് വേളയിൽ അറിയിച്ചു. ഓഡിറ്റ് വർഷം കളക്ഷൻ ചാർജ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് അർഹമായ തുക കണക്കാക്കി ക്ഷേമ നിധി ബോർഡിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-28 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 1.30കോടി രൂപ വിനിയോഗിച്ചില്ല

അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം 27973093 രൂപ വകയിരുത്തി 118 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 34 പ്രവൃത്തികൾ സ്പിൽ ഓവറും 84 എണ്ണം തൻവർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തിയുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 95 എണ്ണം ഭാഗികമായി / പൂർണ്ണമായി പൂർത്തീകരിച്ചുവെങ്കിലും 58 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച തുക ചെലവഴിച്ചിട്ടുള്ളൂ. 14.02.2020 മുതൽ 31.03.2020 വരെ സമർപ്പിച്ച 37 പ്രവൃത്തികളുടെ ബിൽ (ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളത് സഹിതം) തൻവർഷം മാറി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 23 പ്രവൃത്തികൾ നടപ്പാക്കിയില്ല.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല. നിർവ്വഹണോദ്യോഗസ്ഥന്റെയും കരാറുകാരുടെയും അനാസ്ഥ മൂലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ബിൽ മാറാത്തതുമൂലം പശ്ചാത്തലമേഖലയിലെ വികസനപ്രവർത്തനങ്ങൾക്ക് വാർഷികപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വകയിരുത്തുന്ന തുക ചെലവഴിക്കാതെ കോടികൾ ലാപ്സാകുന്നു. ഫണ്ട് ലാപ്സാക്കുന്നതിന്റെ വിവരം മുൻവർഷങ്ങളിലെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും ലഭ്യമാക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്നതിന്റെ ഗൗരവം എൽ.എസ്.ജി.ഡി. പൊതുമരാമത്ത് വിഭാഗം വേണ്ടത്ര ഉൾക്കൊള്ളുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ആവിഷ്കരിച്ച പദ്ധതി | അടങ്കൽ തുക | നടപ്പാക്കിയതും തുക ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി | ചെലവഴിച്ച തുക | ട്രഷറി കൃവിലായ ബിൽ | ലാപ്സായ ബിൽ തുക | ലാപ്സാകാത്ത അടങ്കൽ | ലാപ്സായ അടങ്കൽ |
|---|---|---|---|---|---|---|---|
| 118 | 27973093 | 58 | 11299976 | 37 | 6867122 | 3633347 | 6172648 |

സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ കൃവിലായതുമൂലവും പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തലവികസനം ലക്ഷ്യമായി ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് 2019-20 ൽ വകയിരുത്തിയ 13039770 രൂപ വിനിയോഗത്തിലെ കുറവ് മൂലം നഷ്ടപ്പെടുത്തി. മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയും അല്ലാതെയും പദ്ധതി പ്രവർത്തനം നീട്ടിക്കൊണ്ടു പോകുകയും മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് കൂടുതൽ ബില്ലുകൾ സമർപ്പിക്കുകയും ട്രഷറി നിയന്ത്രണം മൂലം കൃവിലാവുകയും തുക ചെലവഴിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. മുൻ വർഷങ്ങളിൽ ഈ അവസ്ഥ റിപ്പോർട്ട് ചെയ്തിട്ടും ആയതിന് പരിഹാരനടപടികൾ ഉണ്ടായിട്ടില്ല. നിർമ്മാണവേളയിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം നൽകുന്നതിനുള്ള കാലതാമസവും മോണിട്ടറിംഗ് സമിതിയുടെ മേൽനോട്ടത്തിലുള്ള അഭാവവും നിർവ്വഹണോദ്യോഗസ്ഥന്റെയും കരാറുകാരുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയും മൂലം മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 1.30 കോടി രൂപ തൻവർഷം ലാപ്സാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/09.03.2022) അസിസ്റ്റന്റ് എൻജിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. 2020 മാർച്ച് അവസാനം കോവിഡ് മഹാമാരി മൂലം പ്രഖ്യാപിച്ച ലോക്ഡൗണും സാങ്കേതികവിഭാഗത്തിലെ സ്റ്റാഫിന്റെ കുറവും നടത്തിപ്പിനെ സാരമായി ബാധിച്ചുവെന്നും അസിസ്റ്റന്റ് എൻജിനിയർ ഓഡിറ്റ് വേളയിൽ അറിയിച്ചു. സാങ്കേതികവിഭാഗം ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ ശരിയാണെങ്കിലും 1.30 കോടി രൂപ നഷ്ടമായെന്നുള്ളത് സ്പഷ്ടമാണ്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതുമല്ല. ഫണ്ട് ലാപ്സാക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽനോട്ടത്തിലുള്ള അഭാവവും വികസനസ്റ്റാൻഡിംഗ് കമ്മിറ്റി വാർഷികപദ്ധതി യഥാസമയം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും കരാറുകാർ സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കാതെ നിർവ്വഹണഘട്ടത്തിൽ കാട്ടുന്ന അനാസ്ഥയും സാങ്കേതിക വിഭാഗത്തിലെ സ്റ്റാഫ് പരിമിതമായും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് കാലതാമസമുണ്ടാക്കി. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-29 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താവിന്റെ മരണശേഷവും അനുവദിച്ചു

സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ മരിച്ചുപോയ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ക്രെഡിറ്റ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പെൻഷൻ ഇനം | പെൻഷൻ ഐ ഡി | പെൻഷണറുടെ പേര് | അക്കൌണ്ട് വിവരങ്ങൾ | മരിച്ച തീയതി | മരിച്ചതിനു ശേഷം പെൻഷൻ നൽകിയ കാലയളവ് | മരിച്ചതിനു ശേഷം പെൻഷൻ നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷൻ | 103900100042 | റാഹേൽ | ബാങ്ക് | 07-09-16 | 09-16 മുതൽ 07-19 വരെ | 40400 |
| 2 | വാർദ്ധക്യ കാല പെൻഷൻ | 103900100289 | കുഞ്ഞിപ്പെണ്ണ് | ബാങ്ക് | 24-10-16 | 10-16 മുതൽ 03-18വരെ | 19200 |
| 3 | വികലാംഗ പെൻഷൻ | 103900400192 | നീരജ് ഉണ്ണികൃഷ്ണൻ | ബാങ്ക് | 31-05-17 | 05-17മുതൽ 07-19വരെ | 30100 |
| 4 | വാർദ്ധക്യ കാല പെൻഷൻ | 103900200064 | ചെല്ലപ്പൻ പിള്ള | ബാങ്ക് | 23-10-16 | 10-16 മുതൽ 07-19വരെ | 51000 |
| 5 | വാർദ്ധക്യ കാല പെൻഷൻ | 103900200188 | പി കെ തങ്കമ്മ | ബാങ്ക് | 07-04-19 | 04-19മുതൽ 07-19വരെ | 6000 |
| 6 | വാർദ്ധക്യ കാല പെൻഷൻ | 103900200230 | ഗംഗാധരൻ | ബാങ്ക് | 15-03-17 | 03-17 മുതൽ 07-19വരെ | 43500 |
| 7 | വാർദ്ധക്യ കാല പെൻഷൻ | 103900200265 | രാമകൃഷ്ണൻ നായർ | ബാങ്ക് | 27-07-19 | 07-19 | 1500 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | വാർദ്ധക്യ കാല പെൻഷൻ | 103900200399 | തങ്കമ്മ പി | ബാങ്ക് | 28-04-19 | 04-19മുതൽ 07-19വരെ | 4720 |
| 9 | വാർദ്ധക്യ കാല പെൻഷൻ | 103900200859 | ഗ്രേസി ഡി | ബാങ്ക് | 22-07-18 | 07-18മുതൽ 07-19വരെ | 19500 |
| 10 | വാർദ്ധക്യ കാല പെൻഷൻ | 103900201078 | മറിയാമ്മ സാമുവൽ | ബാങ്ക് | 06-06-17 | 06-17മുതൽ 07-19വരെ | 37500 |
| 11 | വാർദ്ധക്യ കാല പെൻഷൻ | 103900201219 | അന്നമ്മ ജോർജ് | ബാങ്ക് | 31-07-17 | 07-17മുതൽ 07-19വരെ | 36000 |
| 12 | വിധവാ പെൻഷൻ | 103900600193 | ഗൌരിയമ്മ | ബാങ്ക് | 09-02-17 | 02-17 മുതൽ 07-19വരെ | 33200 |
| 13 | വാർദ്ധക്യ കാല പെൻഷൻ | 103900201407 | പൊന്നമ്മ | ബാങ്ക് | 21.10.2018 | 11/2018-04/2019 | 9000 |
| 14 | വാർദ്ധക്യ കാല പെൻഷൻ | 103900200879 | ഉണ്ണിക്കൃഷ്ണൻ നായർ | ബാങ്ക് | 16.01.2019 | 02/2019-07/2019 | 3600 |
| 15 | വാർദ്ധക്യ കാല പെൻഷൻ | 103900200338 | വാസുദേവൻ നായർ | ബാങ്ക് | 15.09.2017 | 09/2017-07/2019 | 34500 |
| 16 | 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള ുപെൻഷൻ | 103900500012 | ചെല്ലമ്മാൾ | ബാങ്ക് | 12.06.2018 | 6/2018-07/2019 | 8400 |
| 17 | വാർദ്ധക്യ കാല പെൻഷൻ | 103900200352 | തമ്പി കെ.കെ | ബാങ്ക് | 27.02.2019 | 3/2019-07/2019 | 5800 |
| 18 | കർഷക തൊഴിലാളി പെൻഷൻ | 10390010073 | ശങ്കരൻ | വീട്ടിൽ നേരിട്ട് | 02.10.2018 | 10/18-11/18 | 2200 |
| 19 | കർഷക തൊഴിലാളി പെൻഷ | 103900100089 | കാർത്യായനിയമ്മ | വീട്ടിൽ നേരിട്ട് | 13.09.2018 | 10.18-12/2018 | 3300 |
| 20 | കർഷക തൊഴിലാളി പെൻഷ | 103900100009 | തങ്കമ്മ | വീട്ടിൽ നേരിട്ട് | 12.07.2018 | 08/2018-12 /2018s | 5500 |
| ആകെ | | | | | | | 394920 |

ടിയാളുകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 394920/- രൂപ അനുവദിച്ചതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/2019-20 Dtd 14.03.2022) മറുപടി ലഭിച്ചിട്ടില്ല. അനർഹമായി അനുവദിച്ചേ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 അറവുശാല നിർമ്മാണം -പദ്ധതിപ്പണം പാഴായി

നിർമ്മാണം പാതിവഴിയായ അറവുശാലയുടെ പൂർത്തീകരികരണം അനശ്ചിതത്വത്തിലായി. നിർമ്മാണം നടത്തിയിരുന്ന ഗ്രാമ പഞ്ചായത്ത് വക സ്ഥലം കൊല്ലം – തേനി ഹൈവേയുടെ അലൈൻമെന്റിൽ ഉൾപ്പെടുന്ന പ്രദേശമായി അളന്ന് മാർക്ക് ചെയ്തിട്ടുള്ളതിനാൽ ടി പദ്ധതിക്കായി നിർമ്മിച്ച കെട്ടിടം പൊളിച്ച് മാറ്റേണ്ട അവസ്ഥയിൽ എത്തിനിൽക്കുന്നു.

2011-12 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് പണി ആരംഭിക്കുകയും 22.51 ലക്ഷം രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്ത ആധുനിക അറവുശാല നിഷ്ക്രിയമായി അവശേഷിക്കുന്നു. പദ്ധതിയ്ക്കായി നാളിതുവരെ മുടക്കിയ തുക നിഷ്ഫലമായി.

അറവുശാല നിർമ്മാണം പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായിരുന്നു ആദ്യം പ്രൊജക്ട് ആവിഷ്കരിച്ചിരുന്നത്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Building & Accessories | 1590000 |
| 2 | Mechanical And Electrical Work | 900000 |
| 3 | Septic Tank | 47000 |
| 4 | Biogas Plant | 658000 |
| 5 | Lairage | 175000 |
| 6 | Electrification | 60000 |
| 7 | Plumbing | 70000 |

| | | |
|---|---|---|
| | ആകെ | 3500000 |

2011-12 വർഷം ആരംഭിച്ച പ്രവൃത്തിയുടെ സിവിൽ വർക്കുകൾ 80% പൂർത്തിയാക്കി. 2993019 രൂപയുടെ ഡീറ്റയ്ൽഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 15% ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സന്തോഷ് കുമാർ, മേലേതിൽ, പ്രക്കാനം എന്ന കരാറുകാരനെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. 23.03.2012-ൽ ഗ്രാമപ്പഞ്ചായത്തുമായി എഗ്രിമെന്റ് വച്ചു. പ്രവൃത്തി നടത്തിവരവെ ശുചിത്വ മിഷനിൽനിന്നും വിദഗ്ധ സംഘം പരിശോധന നടത്തി നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2014-15 വർഷം 3693510 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിന്നും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, ലെയ്റേജ്, പ്ലംബിംഗ് എന്നീ പ്രവൃത്തികൾ ഒഴിവാക്കുകയും ഇവ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പുതിയ പ്രോജക്ട് രൂപീകരിക്കുകയും ചെയ്തിരുന്നു. മെക്കാനിക്കൽ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായുള്ള ഡെപ്പോസിറ്റ് വർക്ക് എന്നിങ്ങനെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ രണ്ടു പുതിയ പ്രോജക്ടുകൾ രൂപീകരിക്കുകയും ചെയ്തിരുന്നു.

കരാറുകാരന് മൂന്ന് പാർട്ട് ബില്ലുകളിലായി ആകെ 1523236 രൂപ മുൻവർഷങ്ങളിൽ നൽകിയിട്ടുണ്ട്. 12.11.2014-ലാണ് മൂന്നാം പാർട്ട് ബിൽ പാസ്സാക്കി നൽകിയത്. കരാറുകാരൻ തുടർന്ന് പണിയൊന്നും തന്നെ നടത്തിയിട്ടില്ല. അറവുശാലയോട് ചേർന്നുള്ള ബയോഗ്യാസ് പ്ലാന്റ്, ലെയ്റേജ്, പ്ലംബിംഗ് പ്രവൃത്തികൾ എന്നിവ അംഗീകൃത ഏജൻസിയെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും തീരുമാനം നടപ്പാക്കിയില്ല. ഇലക്ട്രിഫിക്കേഷന് 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി 727875 രൂപ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടെങ്കിലും വിനിയോഗരേഖകൾ ലഭ്യമാക്കിയിട്ടില്ല. മെക്കാനിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ 9 ലക്ഷം രൂപയുടെ പ്രോജക്ട് 2013-14-ലെ വാർഷിക പദ്ധതി മുതൽ നിലവിലുണ്ടായിരുന്നുവെങ്കിലും കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ആയത് നടപ്പിലാക്കിയില്ല. ആയത് 2017-18-ൽ സ്പിൽ ഓവറായി പ്രൊജക്ട് വയ്ക്കാനും സാധിച്ചില്ല. പദ്ധതിയ്ക്കായി നാളിതുവരെ 22,51,111 രൂപ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കണ്ടില്ല.

അറവുശാലയുമായി ബന്ധപ്പെട്ട് 2017-18വർഷം അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 3 സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും ഒരെണ്ണം പോലും നടപ്പാക്കിയില്ല. താഴെ പറയുന്ന പ്രൊജക്ടുകളാണ് ആവിഷ്ക്കരിച്ചിരുന്നത്.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ തുക | ഫണ്ടിനം |
|---|---|---|---|
| 1 | SO.132/17-18-അറവുശാല പൂർത്തീകരണ പ്രവൃത്തികൾ | 540000 | ശുചിത്വമിഷൻ ഫണ്ട് |
| 2 | SO.179/17-18-അറവുശാല നിർമ്മാണവും ബയോഗ്യാസ് പ്ലാന്റും | 1525620 | ശുചിത്വമിഷൻ ഫണ്ട് |
| 3 | SO.182/17-18- അറവുശാല ലെയിറേജ് /റാമ്പ് നിർമ്മാണം | 325000 | ശുചിത്വമിഷൻ ഫണ്ട് |

2390620 രൂപ (ശുചിത്വമിഷൻ ഫണ്ട്) അടങ്കൽ വെച്ചെങ്കിലും ശുചിത്വമിഷൻ, ഫണ്ട് നാളിതുവരെ അനുവദിച്ചിട്ടില്ല. ആയതിനാൽ പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.

2019-20 വർഷം അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി വീണ്ടും മുൻ പദ്ധതികൾ സ്പിൽ ഓവർ ആയി വെച്ച് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും ഒരെണ്ണം പോലും നടപ്പാക്കിയില്ല. താഴെ പറയുന്ന പ്രൊജക്ടുകളാണ് ആവിഷ്ക്കരിച്ചിരുന്നത്.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ തുക | ഫണ്ടിനം |
|---|---|---|---|
| 1 | SO.163/19-20-അറവുശാല നിർമ്മാണവും ബയോഗ്യാസ് പ്ലാന്റും | 1525620 | ശുചിത്വമിഷൻ ഫണ്ട് |
| 2 | SO.166/19-20-അറവുശാല പൂർത്തീകരണ പ്രവൃത്തികൾ | 540000 | ശുചിത്വമിഷൻ ഫണ്ട് |
| 3 | SO.165/17-18- അറവുശാല ലെയിറേജ് /റാമ്പ് നിർമ്മാണം | 325000 | ശുചിത്വമിഷൻ ഫണ്ട് |

വീണ്ടും 2390620 രൂപ (ശുചിത്വമിഷൻ ഫണ്ട്) അടങ്കൽ വെച്ചെങ്കിലും ശുചിത്വമിഷൻ, ഫണ്ട് നാളിതുവരെ അനുവദിച്ചിട്ടില്ല. ആയതിനാൽ പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.

18-12-19 ൽ ചേർന്ന പഞ്ചായത്ത് ജനറൽ കമ്മിറ്റിയിൽ ഏകദേശം അറുപത് ലക്ഷം രൂപയുണ്ടെങ്കിൽ അറവുശാലയുടെ പണി പൂർത്തീകരിക്കാമെന്നും പണം പ്ളാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വകയിരുത്തുന്നതിന് നിലവിൽ സാദ്ധ്യമല്ല എന്നും സ്വകാര്യ പങ്കാളിത്തത്തോടെ പണി പൂർത്തീകരിക്കണമെന്നും 5/1 നംപർ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്. 26-06-19 ൽ പഞ്ചായത്ത് പ്രസിഡന്റ് ശുചിത്വമിഷൻ സാങ്കേതിക വിഭാഗത്തിന്റെ സഹായം ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും ശുചിത്വമിഷന്റെ ഭാഗത്തുനിന്നും അനുകൂലമായ നടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. അറവുശാല നിർമ്മാണ പൂർത്തികരണത്തിന് ആവശ്യമായ ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഗീതാ വിജയൻ, ബഹു തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ

എ.സി.മൊയ്തീന് എസ് സി 1-4664/18 നം കത്ത് പ്രകാരം നിവേദനം നൽകിയെങ്കിലും നാളിതുവരെ ഫണ്ട് ഒന്നും തന്നെ ലഭ്യമായിട്ടില്ല.

പദ്ധതിയടങ്കലിന്റെ പകുതിയിലേറെ തുക നാളിതുവരെ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കാണാതെ കിടക്കുന്നത് ഗ്രാമപ്പഞ്ചായത്ത് അധികൃതരുടെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും (സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ) ഭാഗത്തുനിന്നുള്ള അനാസ്ഥ മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അറവുശാല നിർമ്മിക്കുന്നതുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനവും പൊതുജനങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന പ്രയോജനവും പദ്ധതി അനന്തമായി നീണ്ടുപോകുന്നതു മൂലം നഷ്ടമായി.



അറവുശാല നിർമ്മാണം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.5, തീയതി 05-03-22) മറുപടിയായി അറവുശാല സ്ഥിതി ചെയ്യുന്ന സ്ഥലത്തുകൂടി കൊല്ലം-തേനി, നാഷണൽ ഹൈവേ, (NH- 1834) കടന്നു പോകുന്നതിന് സൈറ്റ് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ ടി കെട്ടിടം പൊളിക്കേണ്ടി വരുമെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അങ്ങനെ സംഭവിക്കുന്ന പക്ഷം ഗ്രാമ പഞ്ചായത്ത് ടി പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച പദ്ധതിപ്പണം പാഴ്ച്ചെലവായി മാറും.

നിലവിൽ അറവുശാലക്കായി നിർമ്മിച്ച കെട്ടിടം പ്രയോജനമില്ലാതെ കാട് പിടിച്ച് കിടന്ന് നശിച്ചുപോകുന്നു. അറവുശാലയുടെ ആവശ്യത്തിനായി വാങ്ങിയ ജനറേറ്റർ ഉപയോഗമില്ലാതെ പ്രവർത്തന രഹിതമായി തുരുമ്പെടുത്ത് നശിച്ചുപോകുന്നു.



കമ്മറ്റി തീരുമാനമെടുത്ത് ടി ജനറേറ്റർ പഞ്ചായത്ത് ഓഫീസ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണം - അപാകതകൾ

ശാസ്ത്രീയമായ രീതിയിൽ മാലിന്യം സംസ്കരിക്കുന്നതിന് വേണ്ടി അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓമല്ലൂർ മാർക്കറ്റിൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണം (തുമ്പൂർമൂഴി മോഡൽ) (158/19, 170/20) എന്ന പദ്ധതി നടപ്പാക്കുന്നതിനായി 2018-19ലെ വാർഷിക പദ്ധതിയിൽ 453600 ശുചിത്വ മിഷൻ ഫണ്ടും 50400 രൂപ തനത് ഫണ്ടും ഉൾപ്പെടെ 504000 രൂപ വകയിരുത്തി ഒരു പ്രോജക്ട് ആവിഷ്കരിച്ചതിന് 440000/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ എന്നീ നടപടികൾ നടത്തിയെങ്കിലും ആരും ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഗവ. അക്രഡിറ്റഡ് ഓജൻസിയെ ഏൽപ്പിച്ച് നിർവ്വഹണം നടത്തുന്നതിന് 21-07-18 ലെ 1(1)തീരുമാനം ഭരണ സമിതി കൈക്കൊണ്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് മുണ്ടൂർ IRTC പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേന പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസ്തുത ഏജൻസിയുടെ സെക്രട്ടറി ശ്രീ.മാത്യു.എ.കെയും അസി.എഞ്ചിനിയറും തമ്മിൽ 21-01-19ൽ ധാരണാ പത്രത്തിൽ ഒപ്പുവച്ചു. (61/18-19/AE/LSGD/OMLR). 2019-20 ൽ സ്പിൽ ഓവറായാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് 2യൂണിറ്റ് നിർമ്മിക്കുന്നതിനും ആയതിനുള്ള ഷെഡ് നിർമ്മിക്കുന്നതിനുമായി ടി ഏജൻസി തയ്യാറാക്കിയ എസ്റ്റിമേറ്റ് സംക്ഷിപ്തം താഴെപ്പറയും പ്രകാരമാണ്.

| ഇനം | തുക |
|---|---|
| എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണം(2യൂണിറ്റ്) | 422000 |
| മാനേജ്മെന്റ് ചാർജ് (നിർമ്മാണ ചെലവിന്റെ 2.5%) | 10500 |
| നികുതികൾ | |
| GST (നിർമ്മാണ ചെലവിന്റെ 12%) | 50640 |
| GST (മാനേജ്മെന്റ് ചാർജിന്റെ 18%) | 1899 |
| ആകെ | 485089 |
| Round OfF | 490000 |

എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണം(2യൂണിറ്റ്), ഷെഡ്, ഡ്രയിനേജ്, കയർ പിത്ത് ഇനോക്കുലം എന്നിവ നിർമ്മിക്കുന്നതിനായി 422000/- രൂപയുടെ എസ്റ്റിമേറ്റ് IRTC – PIU സൈറ്റ് എഞ്ചിനിയർ തയ്യാറാക്കി പ്രോജക്ട് എഞ്ചിനിയർ അംഗീകരച്ചിട്ടുള്ളതിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

IRTC പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുമായി ഉണ്ടാക്കിയ ധാരണാ പത്രത്തിലെ പ്രധാന കാര്യങ്ങൾ താഴെപ്പറയുന്നവയാണ്.

* മൊത്തം അടങ്കൽ തുക ഗ്രാമ പഞ്ചായത്ത് 5ഗഡുക്കളായി IRTC – PIU വിന് നൽകേണ്ടതാണ്.

* അടങ്കൽ തുകയുടെ 20% തുക അഡ്വാൻസായി നൽകേണ്ടതും ആയതിന്റെ 90% പൂർത്തീകരിച്ചതായ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു നൽകേണ്ടതാണ്.

* പദ്ധതി പൂർത്തീകരിക്കുന്നതിന് അഡ്വാൻസും ഗഡുക്കളും കൈപ്പറ്റിയ തീയതി മുതൽ പരമാവധി 6 മാസത്തെ സമയ പരിധി അനുവദിക്കുന്നതാണ്.

* നിർമ്മാണ വേളയിലേക്കാവശ്യമായ വെള്ളം , വൈദ്യുതി സൗകര്യങ്ങൾ ഗ്രാമ പഞ്ചായത്ത് ഒരുക്കുന്നതാണ്.

* എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റിലേക്കുള്ള വൈദ്യുതി കണക്ഷൻ എടുക്കേണ്ട ചുമതല ഗ്രാമ പഞ്ചായത്തിനായിരിക്കും.

ടി പദ്ധതിക്കായ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം./തീയതി | തുക |
|---|---|
| 2754945/02-02-19 | 88000/- |
| 2565424/09-10-19 | 176000/- |
| 2565493/07-03-20 | 170870 |
| ആകെ | 434870 |

അളവ് പുസ്തകം 39/18-19 പ്രകാരം ടി പ്രവൃത്തി പൂർത്തീകരിച്ച് അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് IRTC – PIU വിന്റെ

സൈറ്റ് എഞ്ചിനിയറും ചെക്ക് മെഷർ ചെയ്തിട്ടുള്ളത് പ്രോജക്ട് എഞ്ചിനിയറുമാണ്. പ്രസ്തുത അളവ് പുസ്തകം എൽ.ഐ & ഡി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി അസി.എക്സി.എഞ്ചിനിയർ മേലൊപ്പിട്ടിട്ടില്ല. ജി.ഒ(പി) 161/2019/ഫിൻ /25-11-19 ലെ ഉത്തരവിൽ എൻ.ജി.ഒ മുഖേന മടപ്പാക്കുന്ന പ്രവൃത്തികൾക്ക് പഞ്ചായത്തിലെ എഞ്ചിനിയറിഗ് വിഭാഗം ചെക്ക് മെഷർ ചെയ്യേണ്ട വിവരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നടപടികരമങ്ങൾ പാലിച്ചിട്ടില്ല. സൈറ്റ് എഞ്ചിനിയർ തയ്യാറാക്കിയ ബിൽ തുക 434870 രൂപയാണ്. പ്രസ്തുത ബിൽ തുക കണക്കാക്കിയതിൽ നിർമ്മാണ ചെലവിന്റെ 12%GST കണക്കാക്കിയതിൽ പിശക് വന്നിട്ടുണ്ട്. കൂടാതെ, വൈദ്യുതി, വാട്ടർ ചാർജായി 2100/-രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. ധാരണാ പത്രം അനുസരിച്ച് നിർമ്മാണ വേളയിലേക്കാവശ്യമായ വെള്ളം , വൈദ്യുതി സൗകര്യങ്ങൾ ഗ്രാമ പഞ്ചായത്ത് ഒരുക്കുന്നതാണ്. ആയതിനുള്ള ചെലവ് ഏജൻസിക്ക് നൽകേണ്ടതില്ല. ഇക്കാരണങ്ങളാൽ അക്രഡിറ്റഡ് ഏജൻസിക്ക് അധികം തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അക്രഡിറ്റഡ് ഏജൻസി കണക്കാക്കിയ ബിൽ തുക | | അർഹതപ്പെട്ട ബിൽ തുക | |
|---|---|---|---|
| നിർമ്മാണചെലവ്(പ്രവൃത്തിമൂല്യം) | 375505.13 | നിർമ്മാണചെലവ്(പ്രവൃത്തിമൂല്യം) | 375505.13 |
| (+)മാനേജ്മെന്റ് ചാർജ് (നിർമ്മാണ ചെലവിന്റെ 2.5%) | 9387.63 | (+)മാനേജ്മെന്റ് ചാർജ് (നിർമ്മാണ ചെലവിന്റെ 2.5%) | 9387.63 |
| GST (നിർമ്മാണ ചെലവിന്റെ 12%) | 46187.13 | GST (നിർമ്മാണ ചെലവിന്റെ 12%) | 45060.61 |
| GST (മാനേജ്മെന്റ് ചാർജിന്റെ 18%) | 1689.77 | GST (മാനേജ്മെന്റ് ചാർജിന്റെ 18%) | 1689.77 |
| Unforseen(കരണ്ട് & വെള്ളം) | 2100.00 | Unforseen(കരണ്ട് & വെള്ളം) | 0.00 |
| ആകെ | 434869.66 | ആകെ | 431643.14 |
| | 434870/- | | 431643/- |
| (-)മുൻകൂർ നൽകിയ തുക | 264000 | (-)മുൻകൂർ നൽകിയ തുക | 264000 |
| ബാലൻസ് | 170870 | ബാലൻസ് | 167643 |
| (-)ആദായനികുതി | 4349 | (-)ആദായനികുതി | 4316 |
| (-)ക്ഷേമ നിധി | 4349 | (-)ക്ഷേമ നിധി | 4316 |
| (-) CGST | 4349 | (-) CGST | 4316 |
| (-)SGST | 4349 | (-)SGST | 4316 |
| അക്രഡിറ്റഡ് ഏജൻസിക്ക് നൽകിയ തുക | 153474 | അക്രഡിറ്റഡ് ഏജൻസിക്ക് നൽകേണ്ട തുക | 150379 |

അക്രഡിറ്റഡ് ഏജൻസിയായ IRTC പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റിന് അർഹതപ്പെട്ട ഫൈനൽ ബിൽ തുക 431643/-രൂപയാണെന്നിരിക്കെ 434870/- രൂപ കണക്കാക്കിയതു വഴി 3227/- രൂപ അധികം ചെലവഴിച്ചത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/11-03-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത ടി ഏജൻസിയിൽനിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

ഏജൻസി ലഭ്യമാക്കി പ്രവർത്തിക്കുന്ന അളവ് പുസ്തകം എൽ.ഐ & ഡി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി അസി.എക്സി.എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത് മേലൊപ്പ് ചാർത്തിയിട്ടില്ലാത്തതിനാൽ പ്രവൃത്തിക്ക് ചെലവഴിച്ച 434870 രൂപയിൽ നിരാകരിച്ച 3227രൂപ കഴിച്ചുള്ള 431643 ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

ശുചിത്വ മിഷന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി ടി കമ്പോസ്റ്റിംഗ് യൂണിറ്റിൽ നിന്നും ലഭിക്കുന്ന കമ്പോസ്റ്റിംഗ് ശേഖരിച്ച് ഉടങ്ങിയിട്ടില്ലെന്നാണ് അസി.എഞ്ചിനിയർ പരിശോധനാ വേളയിൽ അറിയിച്ചത്. നിർദ്ദിഷ്ട ഇടവേളകളിൽ ആയത് ശേഖരിച്ച് മാർക്കറ്റ് ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് ഈയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാനം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 പഞ്ചായത്ത് ഓഫീസ് നവീകരണം - അപാകത

2018-19 ലെ വാർഷിക പദ്ധതിയിൽ തനത് ഫണ്ട് 302900/- രൂപ വകയിരുത്തി ഓഫീസ് നവീകരണം (203/19, 189/20)എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. പഞ്ചായത്ത് ഓഫീസിൽ 9 സ്റ്റാഫ് ക്യാബിൻ, സെക്രട്ടറി ക്യാബിൻ, MGNREGS ഓഫീസിൽ ക്യാബിൻ, പ്രസിഡന്റ് ടേബിൾ, അസി. സെക്രട്ടറിക്കും ,അക്കൗണ്ടന്റിനും അലൂമിനിയം ഫാബ്രിക്കേഷൻ റൂം പാർട്ടീഷൻ, അലൂമിനിയം ഗ്രിൽ സ്ഥാപിച്ച കൊണ്ടുള്ള ഫ്രണ്ട് ഓഫീസ് കൗണ്ടർ ഉടങ്ങിയ ഓഫീസ് ഫർണിഷിംഗ് പ്രവൃത്തി നടപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. സ.ഉ (സാധാ) നം.3161/2017/ത.സ്വ.ഭ.വ തീയതി 27-09-17 പ്രകാരമുള്ള ഉത്തരവിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഓഫീസ്

ഫർണിഷിംഗ്, ആധുനിക വത്ക്കരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോർപ്പറേഷനെ(കാഡ്ക്കോ) പരിഗണിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രജക്ടിന്റെ നിർവ്വഹണം കാഡ്ക്കോ മുഖേന നടത്തുന്നതിന് 25-05-19 ലെ 2(1) തീരുമാന പ്രകാരം സ്പിൽ ഓവറായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി GST ഉൾപ്പെടെ 301999/- രൂപയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി തയ്യാറാക്കി അസി.എഞ്ചിനിയർക്ക് 03-08-19ൽ നൽകിയിട്ടുണ്ട്. ആയത് അംഗീകരിച്ച് അസി.സാക്ഷ്യപ്പെടുത്തുകയോ അസി.എക്സി.എഞ്ചിനിയർ സാങ്കേതികാനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറും കാഡ്ക്കോ മാനേജിംഗ് ഡയറക്ടറുമായി 08-08-19 കരാറിലേർപ്പെട്ടു.

ടി പ്രവൃത്തിക്കുള്ള സാധനങ്ങൾ വാങ്ങിയതും അലൂമിനിയം ഫാബ്രിക്കേഷന് വർക്ക് ചെയ്തതും ഉൾപ്പെടെ 301999/- രൂപയുടെ ബിൽ(34/17-08-19) താഴെപ്പറയും പ്രകാരം കണക്കാക്കി അസി. എഞ്ചിനിയർക്ക് നൽകി.

| | |
|---|---|
| Bill | 253054.17 |
| CGST | 22774.87 |
| SGST | 22774.87 |
| LWF | 865.01 |
| Kerala Flood Cess | 2530.54 |
| Round Off | -0.45 |
| Gross Amount | 301999 |

പ്രസ്തുത ബിൽ തുകയിൽ നിന്നും താഴെപ്പറയും പ്രകാരം നികുതികൾ പിടിച്ചുകൊണ്ട് 291875/-രൂപ കേരള ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

| | |
|---|---|
| Gross Bill Amount | 301999 |
| IT | 2531 |
| Wf | 2531 |
| CGST | 2531 |
| SGST | 2531 |
| Amount To Contractor | 291875 |

തനത് ഫണ്ട് ചെക്ക്നം. 5317203/31-03-2020 പ്രകാരം 301999 രൂപ അസി.എഞ്ചിനിയർക്ക് നല്കിയത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ മാറി കാഡ്കേകോയ്ക്ക് ചെക്ക് നം.517771/29-05-20പ്രകാരം 291875 നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിനത്തിൽ 2531 രൂപ ബോർഡ് സെക്രട്ടറിയുടെ പേരിൽ ഡി.ഡിയായും നൽകിയിട്ടുണ്ട്. ആദായനികുതിയും ജി.എസ്.ടി ഒടുക്ക് വരുത്തിയിട്ടുണ്ട്. ടി പ്രവൃത്തി സംബന്ധിച്ചുള്ള അളവുകൾ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയയർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി അസി.എക്സി.എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത് പരിശോധനയ്ക്ക് ഹാജരാക്കാത്ത പക്ഷം ടി പ്രവൃത്തിക്കായി ചെലവഴിച്ച 301999/- രൂപ തടസ്സപ്പെടുത്തുന്നതാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി (21/14-03-22) നൽകിയിരുന്നു .ആയതിന് അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കുകയോ അളവ് പുസ്തകം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കുകയോ ചെയ്തില്ല. അളവ് പുസ്തകത്തിന്റെ അഭാവത്തിൽ ഫൈനൽ പേയ്മെന്റ് നൽകിയ അസി.എഞ്ചിനിയറുടെ നടപടി കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. ഈ സാഹചര്യത്തിൽ ടി പ്രവൃത്തിക്കായ് ചെലവഴിച്ച 301999 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 നിഷ്ക്രിയ ആസ്തികൾ

ജനകീയാസൂത്രണം 2008-09 പദ്ധതി പ്രകാരം ജില്ലാപ്പഞ്ചായത്ത് ഓമല്ലൂർ ഗ്രാമപ്പഞ്ചായത്തിന് അനുവദിച്ച കെ.എൽ -0-35-3810 നമ്പർ ട്രാക്ടറിന്റെയും 2009-10 വർഷം ബ്ളോക്ക് പ്പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ലഭിച്ച മഹീന്ദ്ര KL 03T4207 നമ്പർ ട്രാക്ടറിന്റെയും ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമായിരുന്നു. ആയത് കാർഷിക കർമ്മസേനക്ക് കൈമാറുന്നതിന് 30-01-2016 ൽ നടന്ന ജനറൽ കമ്മിറ്റിയിലെ 18ആം നംപർ തീരുമാനപ്രകാരം തീരുമാനിച്ചിരുന്നു. ഉടമസ്ഥാവകാശം കൈമാറിക്കിട്ടുന്നതിനായി ഓമല്ലൂർ കൃഷി ഓഫീസർ 16-11-2016 ലും 04-02-22 OMR-55/22 നം കത്ത് പ്രകാരവും ആവശ്യപ്പെട്ട് ജില്ലാപ്പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നെങ്കിലും നാളിതുവരെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ 17-08-17 ന ശേഷം ഇൻഷുറൻസ് തുകയും കടിശ്ശികയും അടച്ചിട്ടില്ല. നിലവിൽ ടി വാഹനങ്ങൾ ഉപയോഗിക്കാനാകാതെ തുരുമ്പെടുത്ത് നശിക്കുന്നു. ഉടമസ്ഥാവകാശം ജില്ലാപ്പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കാർഷിക കർമ്മസേനക്ക്

കൈമാറുന്നതിനും ടി വാഹനങ്ങളുടെ ഇൻഷ്വറൻസ് തുകയും കുടിശ്ശികയും അടച്ച് കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.



അറവു ശാലക്ക് പുറകിലായി ഒരു വാഹനത്തിന്റെ അവശിഷ്ടം തുരുമ്പെടുത്ത് നശിച്ചുകിടക്കുന്നു. ആയത് ഏതു വാഹനത്തിന്റെയാണെന്ന് പഞ്ചായത്ത് അധികൃതർക്കും വ്യക്തമല്ല.



ടോയിലറ്റിൽ സ്ഥാപിച്ചിരിക്കുന്ന സാനിട്ടറി നാപ്കിൻ ഡിസ്ട്രോയർ മെഷിൻ പ്രവർത്തന രഹിതമാണ്. ആയത് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.




## 1-34 സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, ബ്ലോക്ക് വിഹിതം, ജില്ലാപ്പഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടെ 800000 രൂപ വകയിരുത്തി രൂപീകരിച്ച(ജനറൽ, S0028/20, 38 കുട്ടികൾ) പദ്ധതിക്കായി 785400 രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 14 വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 24 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 19500 രൂപയും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 8000 രൂപയുമാണ് (വ്യത്യസ്ത ക്ലാസുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28000 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 6500 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥയും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പൊളിച്ച് മാറ്റിയ റബിൾ പുന:നിർമ്മാണത്തിന് ഉപയോഗിക്കാത്തതിരുന്നതുമൂലം അധികച്ചെലവ്

| | |
|---|---|
| പദ്ധതിയുടെ പേര് | കൊടുംതറ കലതിക്കാട് റോഡിൽ കലുങ്ക് നിർമ്മാണവും സൈഡ് കെട്ടും(84/19, 177/20) |
| അടങ്കൽ തുക | 490000(MG NR) |
| കരാറുകാരൻ | ബിജു ഡാനിയേൽ |
| കരാർ തുക | 489108 |
| എം.ബുക്ക് നം | 68/18-19 |
| ഫൈനൽ ബിൽ തുക/ ബിൽ നം/തീയതി | 417826/- , 19050252016900807857/12-11-19 |

നിലവിലുണ്ടായിരുന്ന കലുങ്കിന്റെ പൊളിച്ച മാറ്റിയ റബിൾ പുനർ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടില്ലാത്തതു മൂലം കരാറുകാരന് അധികം തുക നൽകി.

2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ ടി പ്രവൃത്തി നിലവിലുള്ള കലുങ്ക് പൊളിച്ച് മാറ്റി പുതിയ കലുങ്ക്, സ്റ്റെപ്പ് എന്നിവ നിർമ്മിക്കുന്നതിനും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുമാണ്.

ടെണ്ടർ മുഖേന ശ്രീ. ബിജു ഡാനിയേൽ 21-01-19 ൽ കരാർ ചമച്ച് ഏറ്റെടുത്ത ടി പ്രവൃത്തി 29-04-19 ൽ സ്പിൽ ഓവറായി പൂർത്തീകരിച്ചു. ടി പ്രവൃത്തിയുടെ അളവ് പുസ്തകം അനുസരിച്ച് ഫൈനൽ പ്രവൃത്തിമൂല്യം 417826/- രൂപയാണ്. നിയമ പ്രകാരമുള്ള നികുതികൾ കഴിച്ച് കരാറുകാരന് 401114/- രൂപ നൽകിയിട്ടുണ്ട്.

ടി പ്രവൃത്തിയുടെ രണ്ടാം ഇനം Dismsntling DR – Dismantling,clearing Away And Carefully Stacking Materials Useful For Reuse For Any Thicknessof Waiis In DR Masonry........ എന്നതാണ്. 15.788 M3 റബിൾ പൊളിച്ച് മാറ്റിയതിന് ഒരു ക്യൂബിക്ക് മീറ്ററിന് 431.21 രൂപ നിരക്കിൽ 6807.94 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഉപയോഗ യോഗ്യമായ റബിൾ സ്റ്റാക്ക് ചെയ്ത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പുതിയ കലുങ്കിന്റെ സംരക്ഷണ ഭിത്തി നിർമ്മാണത്തിനോ സ്റ്റെപ്പ് നിർമ്മാണത്തിനോ ഉള്ള തഴെപ്പറയുന്ന ഇനങ്ങൾക്ക് ഡിപ്പാർട്ടമെന്റൽ റബിൾ ഉപയോഗിച്ചിട്ടില്ല.

| പ്രവൃത്തിയുടെ ഇനം | അളവ് ,നിരക്ക്,പ്രതിഫലം |
|---|---|

| | |
|---|---|
| II(10) Dry Stone Packing Including All Cost Etc. | 2.115m3 @2130.38/m3 = 4505.75 |
| III(1) DR Masonry Including Packing To Compactness Including All Cost..... | 3.057m3 @ 2766.10/m3 = 8455.97 |
| IV(1) RR Masonry With Hard Stone In Superstructure..... | 0.80m3 @ 6910.77/m3 = 5528.61 |
| IV(4) DR Masonry Including Packing To Compactness Including All Cost..... | 38.696m3 @ 2766.10/m3 = 107037.01 |

ഡിപ്പാർട്ട്മെന്റൽ റബിൾ ഉപയോഗിക്കാതിരുന്നതിനാൽ ഒരു ക്യൂബിക്ക് മീറ്റർ റബിളിന് റബിൾ പ്രവൃത്തികൾക്ക് അധികം ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒരു ക്യൂബിക്ക് മീറ്റർ റബിളിന്റെ DSR നിരക്ക് | 865 |
| കൺവെയൻസ് | 122.08 |
| ആകെ | 987.08 |
| (+) വാട്ടർ ചാർജ് @ 1% | 9.87 |
| ആകെ | 996.95 |
| (+) CPOH @ 15% | 149.54 |
| ആകെ | 1146.49 |
| കോസ്റ്റ് ഇൻഡക്സ് 44.12% | 505.83 |
| ആകെ | 1652.32 ~ 1652/- |

സൈറ്റിൽ നിന്നും ഇളക്കി മാറ്റിയ 15.788 ക്യു.മീറ്റർ ഡിപ്പാർട്ട്മെന്റൽ റബിൾ സ്റ്റാക്ക് ചെയ്ത് ഉപയോഗിക്കാതിരുന്നത് മൂലം ഒരു ക്യു.മീറ്ററിന് 1652/- രൂപ നിരക്കിൽ 26082/- രൂപ കരാറുകാരന് ഫൈനൽ ബിൽ പ്രകാരം അധികം നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/10-03-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനിയറിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | വിനിയോഗിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 25000 | 53/20 നെൽകൃഷി വികസനം | 25000 | 0 |
| | | 200000 | 285/20 ശാരിരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 300000 | 122/20 പാലിന് സബ്സിഡി | 300000 | 0 |
| | | 300000 | 123/20 കാലിത്തീറ്റ സബ്സിഡി | 300000 | 0 |
| | | 500000 | ലൈഫ് ഭവനപദ്ധതി | 0 | 500000 |
| | | 150000 | 7/20 അഗതിരഹിത കേരളം | 150000 | 0 |
| | | 31920 | 26/20 പാലിയേറ്റീവ് കെയർ | 31929 | 0 |
| | | 10000൳ | 24/20 അങ്കണവാടി പോഷകാഹാരം (ജനറൽ) | 100000 | 0 |
| | | 185400 | 28/20 ശാരീരിക- മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 185400 | 0 |
| | | 100000 | 7/20 അഗതിരഹിതകേരളം | 100000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 2019- 20ൽ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്. ഇ. ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 18119 | 18119 | 0 |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, തുക അടച്ചത് സാധൂകരണം | 5338 | 5338 | 0 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (വാർഡ് 2,3,7,11,12,13) | 209851 | 209851 | 0 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (വാർഡ് 8) | 11800 | 11800 | ൦ |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (K.U.R.D.F.C) | GO(MS)100/2018 LSGD തീയതി 30-07-18 | 990100 | 689719 | 250000 | 439719 |

## 4-5 സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ

ഇല്ല

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-10 | 2015-16 | 4(1)10 | 2007-08, 08-09 വർഷങ്ങളിലായി 405949രൂപ ചെലവഴിച്ച് നിർമ്മിച്ച വൃദ്ധസദനം നാളിതുവരെ പ്രവർത്തന ക്ഷമമായിട്ടില്ല | നിയമസഭാസമിതിയുടെ മുമ്പാകെ വിശദീകരണം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. |
| 2016-17 | 3-24 | 2017-18 | 6 | 22.51 ലക്ഷം രൂപ ചെലവഴിച്ച അറവുശാല നിർമ്മാണം പൂർത്തിയായില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-7 ചാർജ്/ സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറിയുടെ വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2017-18 | 3.13(A) | 1000 | ജാനറ്റ് ഡാനിയൽ,<br>കൃഷി ഓഫീസർ, ഓമല്ലൂർ | 119060101768<br>തീയതി 12-07-19 |
| 2017-18 | 3-14 | 975 | ജാനറ്റ് ഡാനിയൽ,<br>കൃഷി ഓഫീസർ, ഓമല്ലൂർ | 119060101669<br>തീയതി 06-07-19 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54283192 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44465748 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26082 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 733642 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 26082 | ഉഷ സി.കെ, അസി.എഞ്ചിനിയർ |
| ആകെ | | 26082 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 343643 | ഉഷ സി. കെ, അസിസ്റ്റന്റ് എൻജിനീയർ, ഓമല്ലൂർ ഗ്രാമപ്പഞ്ചായത്ത്. |
| 1-31 | 88000 | ശ്രീമതി സംഗീത പദ്മരാജൻ, അസിസ്റ്റന്റ് എൻജിനീയർ, മെഴുവേലി. |
| 1-32 | 301999 | ശ്രീമതി ഉഷ സി.കെ ,അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 733642 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഉഷ.സി.കെ,<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, എൽ.ഐ & ഡി എഞ്ചിനിയറിംഗ് വിംഗ്, ഓമല്ലൂർ | ശ്രീമതി ഉഷ സി.കെ ,<br>മൈലമൂട്ടിൽ,<br>ഇലവുംതിട്ട |
| ശ്രീമതി സംഗീത പദ്മരാജൻ, അസിസ്റ്റന്റ് എൻജിനീയർ. | അസിസ്റ്റന്റ് എൻജിനീയർ, മെഴുവേലി ഗ്രാമപഞ്ചായത്ത് | ശ്രീമതി സംഗീത പദ്മരാജൻ, |

| | | |
|---|---|---|
| | | ഭദ്രദീപം, മഞ്ഞണിക്കര, ഓമല്ലൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ, തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി2/626/97/ തീയതി 14-01-98/10-02-98 | 2 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി2/790/2000/തീയതി 04-07-01 | 3 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി.2/790A /2000/തീയതി06-11-01 | 5 |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി2/607/01 തീയതി 23-03-02/09-05-02 | 16 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2/670/01 തീയതി 03.04-02 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/829/01 തീയതി 10-04-02/ 20-09-02 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/452/04 തീയതി 18-04-07/ 07-02-05 | 3 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/536/05 തീയതി 02-11-05 /15-02-06 | 3 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/726/06 തീയതി 12-12-06 | 6 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.11/171/08 തീയതി 20-01-09 | 5 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.11/702/09 തീയതി 04-06-10 | 4 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/703/09 തീയതി 04-06-10 /29-10-11 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/36/11 തീയതി 03-11-11 / 03-08-12 | 3 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി.6/37/11 തീയതി 06-12-11 /04-08-12 | 6 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.6/877/11 തീയതി 03-10-11 /06-08-12 | 3 |
| 2009-10, 2010-11 | എൽ.എഫ്.പി.റ്റി.എ-പി.1/878/12 തീയതി 10-12-12/05-06-14 | 3 |
| 2011-12 ,2012-13 | നം.എൽ.എഫ്.പി.റ്റി.എ.പി5/777/14 തീയതി.29.11.14 | |
| 2013-14 | നം.എൽ.എഫ്.പി.റ്റി.എ.പി 5/537/2015 തീയതി.6.07.15 | |
| 2014-15 | നം. കെ.എസ്.എ.പി.റ്റി.എ.പി-5/ 748/16 തീയതി 16-07-2016 | 9 |
| 2015-16 | നം. കെ.എസ്.എ.പി.റ്റി.എ. പി5/45/17 തീയതി 08.02.2017 | 17 |

| | | |
|---|---|---|
| 2016-17 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/759/17 തീയതി 18.07.17 | 19 |
| 2017-18 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/181/19 തീയതി 14.03.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/103/20 തീയതി 25.02.2020 | എല്ലാ ഖണ്ഡികകളും |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് ഓഫീസ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്